**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3368** **01-03-2023 - ൽ മറുപടിയ്ക്ക്**

**എക്കോ ഷോപ്പ് ആരംഭിക്കുന്നതിന് സ്ഥലം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ആലുവ നിയോജക മണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന കിസാൻ സർവ്വീസ് സൊസൈറ്റി എന്ന സംഘടന സംസ്ഥാന കൃഷിവകുപ്പ് പദ്ധതിയായ "എക്കോ ഷോപ്പ്" ആരംഭിക്കുന്നതിനായി ആലുവ താലൂക്ക് കിഴക്കുംഭാഗം വില്ലേജ് ഓഫീസ് കോമ്പൗണ്ടിൽ കൃഷിഭവന് ചേർന്നുള്ള സ്ഥലം വാടക നിശ്ചയിച്ച് വിട്ടുനൽകാൻ ആവശ്യപ്പെട്ട് എറണാകുളം ജില്ലാ കളക്ടർക്ക് നൽകിയ എൽ9/749/2023 എന്ന നമ്പരിലുള്ള അപേക്ഷ തീർപ്പായിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എത്രയും വേഗം തീർപ്പുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ; | (എ) | കിസാൻ സർവ്വീസ് സൊസൈറ്റി പ്രസിഡന്റ് ശ്രീ.ടി.എ സന്തോഷ് 16.01.2023 -ൽ സമർപ്പിച്ച അപേക്ഷ അന്വേഷണത്തിനും റിപ്പോർട്ടിനുമായി ജില്ലാ കളക്ടർ ആലുവ തഹസിൽദാർക്ക് അയച്ചു കൊടുത്തിട്ടുള്ളതും അടിയന്തിരമായി റിപ്പോർട്ട് ലഭ്യമാക്കി ജില്ലാ കളക്ടർ സർക്കാരിലേക്ക് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതുമാണ്. |
| (ബി) | സർക്കാർ പദ്ധതി നടപ്പിലാക്കുന്നതിനായി ഇത്തരം സ്ഥലങ്ങൾ വാടക നിശ്ചയിച്ച വിട്ടുനൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) | സ്ഥാപനങ്ങൾക്ക് ഭൂമി പാട്ടത്തിനു നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ